പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1285 04/02/2019-ൽ മറുപടിക്ക്

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി. ദിവാകരൻ: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 2016 ജൂൺ മാസം മുതൽ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരായി ജോലിയിൽ പ്രവേശിച്ചവർക്ക് മൂന്ന് വർഷമായിട്ടും നിയമനത്തിന് അംഗീകാരവും ശമ്പളവും ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;<br><br>(ബി) തസ്തിക നിർണ്ണയത്തിൽ ഒഴിവുള്ളതായി കണ്ടെത്തിയ തസ്തികകളിൽ നിയമിതരായ അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും 2016 മുതൽ നാളിതുവരെ കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ മാനേജർമാർ നിയമാനുസൃതം നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ സർക്കാർ യാതൊരുവിധ വിലക്കുകളോ തടസ്സങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. കേരളവിദ്യാഭ്യാസ നിയമത്തിനും ചട്ടങ്ങൾക്കും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിലെ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ ക്കെല്ലാം അംഗീകാരം നൽകുന്നുണ്ട്. G.O (P) 199/16/പൊവിവ തീയതി 3-12-16 പ്രകാരം സർക്കാർ കൊണ്ടുവന്ന കെ.ഇ.ആർ ഭേദഗതിയിൽ ഉൾപ്പെട്ട നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നി വയിൽ ബഹു. ഹൈക്കോടതി (ഡിവിഷൻ ബഞ്ച്) status quo ഉത്തരവായിട്ടുണ്ട്. കോടതിയുടെ അന്തിമ ഉത്തരവിനനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ